**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5014** **20-03-2025 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ നിലവിൽ സ്ഥാനക്കയറ്റം മുഖേനയും, പ്രമോഷൻ മുഖേനയും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും കേഡർ സ്ട്രെങ്ങ്തും എത്രയാണെന്ന് അറിയിക്കാമോ; | (എ) | അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയുടെ കേഡർ സ്ട്രെങ്ങ്ത് 102 ആണ്. ആയതിൽ ബൈ ട്രാൻസ്ഫർ മുഖേനയും നേരിട്ടുമുള്ള നിയമനാനുപാതം നിലവിൽ 2:1 ആണ്. ആയതു പ്രകാരം ബൈട്രാൻസ്ഫർ മുഖേന 68 ഉം നേരിട്ടുള്ള നിയമനം മുഖേന 34 ഉം ആണ് കേഡർ സ്ട്രെങ്ങ്ത്. നിലവിൽ പ്രസ്തുത തസ്തികയിൽ ബൈ ട്രാൻസ്ഫർ മുഖേന 60 പേരും നേരിട്ടുള്ള നിയമനം മുഖേന 34 പേരും ജോലി ചെയ്യുന്നു. ബൈ ട്രാൻസ്ഫർ നിയമനത്തിനായി 8 ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിൽ പി.എസ്.സി. മുഖേനയുള്ള നിയമനത്തിന് കേഡർ സ്ട്രെങ്ങ്ത് അനുസരിച്ചുള്ള ഒഴിവുകൾ പൂർണ്ണമായും നികത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | നേരിട്ടുള്ള നിയമനത്തിന്റെ കേഡർ സ്ട്രെങ്ങ്ത് അനുസരിച്ചുള്ള 34 ഒഴിവുകളും നികത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത തസ്തികയിൽ സ്ഥാനക്കയറ്റം മുഖേന നികത്തേണ്ട ഒഴിവുകളുടെ കേഡർ സ്ട്രെങ്ങ്തിൽ അധിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോയെന്ന് അറിയിക്കാമോ; | (സി) | അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ സ്ഥാനക്കയറ്റം വഴി നികത്തേണ്ട ഒഴിവുകളുടെ കേഡർ സ്ട്രെങ്ങ്തിൽ അധിക ജീവനക്കാർ ജോലി ചെയ്യുന്നില്ല. |
| (ഡി) | ഈ തസ്തികയിൽ സ്ഥാനക്കയറ്റം മുഖേന നികത്തേണ്ട ഒഴിവുകളുടെ കേഡർ സ്ട്രെങ്ങ്തിൽ ഡെപ്യൂട്ടേഷൻ മുഖേന അധിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ ബൈ ട്രാൻസ്ഫർ മുഖേന നികത്തേണ്ട ഒഴിവുകളിൽ ഡെപ്യൂട്ടേഷൻ മുഖേന ആരും ജോലി ചെയ്യുന്നില്ല. |
| (ഇ) | അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് 05.08.2024-ലെ ഡി3/134/2024/തൊഴിൽ എന്ന നമ്പർ കത്തിന് വകുപ്പ് കമ്മീഷണർ ഓഫീസിൽ നിന്നും മറുപടി ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (ഇ) | 05.08.2024 ലെ D3/134/2024-LBRD നമ്പർ കത്തിന് തൊഴിൽ വകുപ്പിലെ 25.09.2024 തീയതിയിലെ എൽ.സി.ഒ/3823/2024/ഇ4 നമ്പർ കത്തുപ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ